**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2703** **13-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉദ്യോഗസ്ഥ പ്രാതിനിധ്യം എല്ലാവർഷവും ജനുവരി 1 അടിസ്ഥാനമാക്കി പരിശോധിക്കുന്നുണ്ട്. വകുപ്പ് തലവന്മാർ നൽകുന്ന വാർഷിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നീ കാറ്റഗറികളായി തിരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രസ്തുത കാറ്റഗറികളിൽ മതിയായ പ്രാതിനിധ്യം (10%) ഉണ്ടോ എന്ന് ഓരോ വർഷവും പരിശോധിക്കുന്നുണ്ട്. |
| (ബി) | സർക്കാർ സർവ്വീസിൽ ഈ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യക്കുറവ് ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഗസറ്റഡ്, നോൺ-ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് കാറ്റഗറികളിൽ ഏതിലെങ്കിലും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് മതിയായ പ്രാതിനിധ്യമില്ലായെങ്കിൽ പ്രസ്തുത വിഭാഗത്തിന് മതിയായ പ്രാതിനിധ്യമുറപ്പാക്കുന്നതിലേക്കായി ആവശ്യമായ തസ്തികകൾ അതാത് കാറ്റഗറികളിൽ നിന്നും കണ്ടെത്തി പ്രത്യേക നിയമനം (Special Recruitment) വഴി മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ